**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3236** **25-10-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് യു.പി / ഹൈസ്കൂളുകളിലെ സംരക്ഷിത അധ്യാപകർക്കായുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് യു.പി / ഹൈസ്കൂളുകളിലെ ഒരു തസ്തിക സംരക്ഷിത അധ്യാപകർക്കായി നീക്കിവെച്ചിട്ടും അത്തരം തസ്തികകളിൽ സർക്കാർ അധ്യാപകരെ നാളിതുവരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ 15.7.2021ലെ റിട്ടയർമെന്റ് പോസ്റ്റുകളിൽ പ്രസ്തുത സ്കൂളുകളിൽ ജോയിൻ ചെയ്ത അധ്യാപകരുടെ നിയമനത്തിന് അപ്രൂവൽ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രൂവൽ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സംരക്ഷിത അധ്യാപകർക്ക് ഈ സ്കൂളുകളിൽ നിയമനം നൽകാത്ത സാഹചര്യത്തിൽ 2021- 22 വർഷത്തിലേക്ക് ഒഴിവ് നീക്കിവെച്ചിട്ടുണ്ടെന്ന സത്യപ്രസ്താവന നൽകി റിട്ടയർമെന്റ് പോസ്റ്റുകളിലെ നിയമനം അംഗീകരിക്കുമോ? | (ബി) | 2021-22 ലെ റിട്ടയർമെന്റ് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നിലവിൽ തടസ്സങ്ങളില്ല. എന്നാൽ പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 06/02/2021 ലെ G.O(P).4/2021/ പൊ.വി.വ ഉത്തരവിലെ വ്യവസ്ഥപ്രകാരം സത്യപ്രസ്താവന നൽകിയ കേസുകളിൽ 2021-22 വർഷത്തിലെ റിട്ടയർമെന്റ് ഉൾപ്പെടെയുള്ള റെഗുലർ ഒഴിവുകളിൽ അതിനനുസരിച്ച് സംരക്ഷിത അധ്യാപക നിയമനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ